13. ചാക്ക എന്നീ സ്ഥലങ്ങളിലും സംസ്ഥാന പാതയിൽ കോഴിക്കോട് പന്നിയങ്കര, വെസ്റ്റ്ഹിൽ, മീൻചന്ത, ഫറോക്ക് കണ്ണൂരിൽ പാപ്പിനിശ്ശേരി, വെങ്ങര, കാസർഗോഡ്, തൃക്കരിപ്പൂർ, ചെറുവത്തൂർ സ്റ്റേഷനിടയിൽ പീലിക്കോട്ടും മലപ്പുറത്ത് പരപ്പനങ്ങാടിയിലും പാലക്കാട് ഠൗണിൽ വിക്ടോറിയ ഹോസ്പിറ്റൽ റോഡിനും ബി.ഒ.സി. റോഡിനേയും ബന്ധിപ്പിച്ചുകൊണ്ടും മേൽപ്പാലം പണിയാനുദ്ദേശമുണ്ട്.

തൃശ്ശൂർ വിളപ്പായിൽ ലെവൽക്രോസിന് മേൽപ്പാലം പണിയാൻ നടപടി

118 (2098) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നിന്നും മെഡിക്കൽ കോളേജിലേക്കുള്ള റോഡിൽ വിളപ്പായിയിൽ ലെവൽ ക്രോസിന് മേൽപ്പാലം ഇല്ലാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ മേൽപ്പാലം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) മേൽപ്പാലം പണി എന്നേക്ക് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം

119 (2099) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് റെയിൽവേ വകുപ്പിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം പണി നടത്തുന്നതിനായി റെയിൽവേക്ക് സർക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി ഡിപ്പോസിറ്റ് സ്കീം പ്രകാരം ആരംഭിക്കണമെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) റെയിൽവേയുടെ ഈ വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ;

(എഫ്) റെയിൽവേ വകുപ്പ് നിർദ്ദേശിക്കുന്നതനുസരിച്ച് ഡെപ്പോസിറ്റ് വർക്കായി പാലം പണിയുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായി വരുന്നു.

(എഫ്) സർക്കാരിന്റെ പരിഗണനയിലാണ്.

ഏറ്റുമാനൂർ പൂഞ്ഞാർ റോഡ് സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

120 (2100) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ പൂഞ്ഞാർ റോഡ് സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജില്ലാതല റോഡ് വിഭാഗത്തിൽ നിന്ന് മാറ്റി ഹൈവേ വിഭാഗത്തിൽ ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തതെന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ വർക്കുകളും കരാർ വച്ച് വർക്ക് തുടങ്ങാൻ കഴിഞ്ഞത് എന്നാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ജില്ലാതല റോഡിന്റെ എസ്റ്റിമേറ്റ് എത്രയായിരുന്നുവെന്നും ഹൈവേ വിഭാഗത്തിലേക്ക് മാറ്റിയ പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഹൈവേ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് എപ്പോഴാണ് ലഭ്യമായത് ;

(എഫ്) ഹൈവേയിലെ കിടങ്ങൂർ ബൈപ്പാസ്, ചെർപ്പുങ്കൽ ബൈപ്പാസ്, കിടങ്ങൂർ കുമ്മണ്ണൂർ എന്നീ റീച്ചുകൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 11-12-1997-ൽ

LIBRARY ARCHIVES Kerala Legislative Assembly